# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4757 19.05.2017 ന് മറുപടിയ്ക്ക്.

## വനംവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അഴിമതി തടയുവാനും വനഭൂമി സംരക്ഷിക്കാനും വന്യമൃഗങ്ങൾക്കെതിരെയുള്ള അതിക്രമവും വേട്ടയാടലും തടയുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) വനം വകുപ്പിലെ അഴിമതികൾ തടയുന്നതിന്റെ ഭാഗമായി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ, പൊതുജനങ്ങൾക്ക് വനംവകുപ്പുമായി ബന്ധപ്പെട്ടുള്ള പരാതികൾ യഥാസമയം അറിയിക്കുവാൻ വനംവകുപ്പ് ആസ്ഥാനത്ത് ടോൾഫ്രീ നമ്പർ 18004254733-ന്റെ ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടോൾഫ്രീ നമ്പർ പ്രകാരം ലഭിക്കുന്ന പരാതികളിലും വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് അന്വേഷണം നടത്തുകയും മേൽനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. വന്യജീവി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും നിയമലംഘകർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ ടെറിട്ടോറിയൽ വിഭാഗവും വിജലൻസ് വിഭാഗവും സംയുക്തമായി ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നുണ്ട്. സ്ഥിരമായി വനംകുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് ടെറിട്ടോറിയൽ വിഭാഗം ഓഫീസർമാർക്ക് അവ നൽകി കുറ്റകൃത്യങ്ങൾ തടയുന്നതിന് വിജിലൻസ് വിഭാഗം നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ, വനം വകുപ്പിന്റെ പൊതുജന സേവനങ്ങളുടെ ഭാഗമായുള്ള ഇ-ഗവേണൻസ്, ഇ-ലേലസമ്പ്രദായം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കി അഴിമതി തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമായി നടത്തി വരുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ കെട്ടിയും, കയ്യാല സ്ഥാപിച്ചും, വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിലും, വനവിഭവങ്ങൾ കൊള്ളയടിക്കപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങളിലും നിരന്തരം പട്രോളിംഗ് നടത്തി, വനപരിപാലനം നടത്തി വരുന്നു.<br>വന്യമൃഗങ്ങൾക്കെതിരെയുള്ള അതിക്രമവും വേട്ടയാടലും തടയുവാൻ 1972-ലെ വന്യജീവി (സംരക്ഷണം) ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും, 1980-ലെ വന (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരവും മറ്റ് അനുബന്ധ ചട്ടങ്ങളിലും നിയമങ്ങളിലും പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരവും കർശന നടപടികൾ സ്വീകരിച്ച് |

വരുന്നു. കൂടാതെ, വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള നടപടികൾ, വനം വകുപ്പിലെ ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനത്തിലൂടെ രഹസ്യ വിവരശേഖരണം നടത്തി കുറ്റകൃത്യങ്ങൾ തടയുക, വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ/അയൽ സംസ്ഥാനങ്ങളിലെ വകുപ്പുദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് വിവരം ശേഖരണം നടത്തി കുറ്റകൃത്യങ്ങൾ തടയുക, കൃത്യമായ ഇടവേളകളിൽ വനമേഖലകളിൽ പരാമ്പുലേഷൻ നടത്തുക എന്നീ പ്രവർത്തനങ്ങളിലൂടെയും വന്യജീവി വേട്ട തടയുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണമുൾപ്പെടെ വനവത്ക്കരണം പ്രോത്സാഹിപ്പിക്കാനും, വന്യജീവി സംരക്ഷണത്തിനും ആയി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ; വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം പദ്ധതിയിലൂടെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ വഴി എല്ലാ വർഷവും തൈകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ, വിവിധയിനം വൃക്ഷതൈകൾ ഉല്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നു. സർക്കാർ സ്ഥലങ്ങളിലും വിവിധ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്ഥലങ്ങളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ച് വരുന്നു. പാതയോരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന വഴിയോരത്തണൽ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് വന്യജീവി സംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH), പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് എന്നിവയ്ക്കു പുറമെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായുള്ള പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷകാലയളവിൽ അഴിമതി, കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തൽ തുടങ്ങി വിവിധയിനം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരായി കണ്ടെത്തിയ വനംവകുപ്പുദ്യോഗസ്ഥർ (ഉയർന്ന ഉദ്യോഗസ്ഥരടക്കം) എത്ര; ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ?

(സി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷകാലയളവിൽ അഴിമതി, കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തൽ തുടങ്ങി വിവിധയിനം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരായി കണ്ടെത്തിയ വനംവകുപ്പുദ്യോഗസ്ഥരുടെ (ഉയർന്ന ഉദ്യോഗസ്ഥരടക്കം) എണ്ണം 554 ആണ്. ഇത്തരം ദുഷ്പ്രവണതകൾക്കെതിരെ വനം വകുപ്പിലെ വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് അർഹമായ ശിക്ഷ നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ